**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2470** **15-10-2024 - ൽ മറുപടിയ്ക്ക്**

**ബയോകണക്ട് 2.0 കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും ഉറപ്പാക്കുന്നതിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനു വേണ്ടി വ്യവസായ വകുപ്പ് നടത്തുന്ന വിവിധ റോഡ്ഷോകളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് KSIDC ഭാഗമാവാറുണ്ട്. ചെന്നെയിലും ബാംഗ്ലൂരിലും നടത്തിയ റോഡ്ഷോകളിൽ പങ്കെടുക്കുകയും വരുന്ന മാസങ്ങളിൽ മുംബൈ, ഡൽഹി എന്നീ നഗരങ്ങളിലും റോഡ്ഷോ ഉണ്ടായിരിക്കുന്നതുമാണ്. റോഡ്ഷോയുടെ ഭാഗമായി അതാതു മേഖലയിലെ വ്യവസായികളെ നേരിട്ട് കണ്ടു ചർച്ച നടത്തി വ്യവസായങ്ങളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഇതോടൊപ്പം നിലവിലെ കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ഭാഗമായ ബയോ 360 ലൈഫ് സയൻസ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയാണ്, പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് കൂടുതൽ വ്യവസായങ്ങളെ പാർക്കിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. |
| (ബി) | പ്രസ്തുത മേഖലയിലെ നൂതനാശയങ്ങൾ പൊതുസമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനും ഇതു സംബന്ധിച്ച ചർച്ചകളിലൂടെ നിക്ഷേപ സമാഹരണം ത്വരിതപ്പെടുത്തുന്നതിനുമായി ബയോകണക്ട് 2.0 കോൺക്ലേവിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2024 സെപ്റ്റംബറിൽ തിരുവനന്തപുരത്ത് വെച്ച് നടന്ന ബയോ കണക്ട് 2.0യുടെ പ്രധാന ഉദ്ദേശ ലക്ഷ്യം സംസ്ഥാനത്തെ ആഗോളതലത്തിൽ ലൈഫ് സയൻസ് ഇൻഡസ്ട്രിയൽ മേഖലയിൽ ഷോകേസ് ചെയ്യുകയും അതേ തുടർന്ന് പ്രസ്തുത മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരികയും ചെയ്യുക എന്നതാണ്. ബയോ കണക്ട് 2.0 യിൽ ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായും 29 കമ്പനികളും 10 റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് സ്ഥാപനങ്ങളും 13 ഇൻക്യൂബേറ്റർസ്/ഗവണ്മെന്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളും നേരിട്ട് പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്, ഇതിൽ പങ്കെടുത്ത മുഴുവൻ കമ്പനികളുമായും തുടർചർച്ചകൾ നടത്തുകയും ചെയ്യുന്നതാണ്. R&D മേഖലയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബയോ 360 ലൈഫ് സയൻസ് പാർക്കിൽ CSIR- NIIST ന്റെ പുതിയ ഒരു സംരംഭവും ആരംഭിക്കുന്നുണ്ട്. ലൈഫ് സയൻസ് മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി റോഡ്ഷോകളും ബയോകണക്ട് ഇൻഡസ്ട്രിയൽ കോൺക്ലേവും വരും വർഷങ്ങളിലും തുടർച്ചയായി നടത്താൻ പ്ലാൻ ചെയ്യുകയും ആയതിന്റെ ഭാഗമായി വരും വർഷങ്ങളിൽ ഗണ്യമായ നിക്ഷേപ വർദ്ധനവ് സംസ്ഥാനത്ത് ഉണ്ടാവുന്നതുമാണ്. |
| (സി) | ഈ മേഖലയിൽ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളും 2032 ആകുമ്പോൾ ഈ മേഖലയിൽ എത്ര നിക്ഷേപം ഉണ്ടാകുമെന്നാണ് വിലയിരുത്തുന്നതെന്നുമുള്ള വിശദാംശം ലഭ്യമാകുമോ? | (സി) | മേൽ (ബി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ